# നിർദ്ദേശങ്ങൾ

1. 2019/ 2020 വർഷം അഫിലിയേറ്റഡ് കോളേജുകളിൽ അഡ്മിഷൻ നേടി ബിരുദ പഠനം വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാം.
2. സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്/ ഫലത്തിനായി കാത്തിരിക്കുന്നവർ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല.
3. പുനർമൂല്യനിർണയം വഴിയുള്ള മാർക്ക് , ഗ്രേസ് മാർക്ക് എന്നിവ ഫൈനൽ ഗ്രേഡ് കാർഡിൽ ഇതുവരെ പ്രാബല്യത്തിൽ വരുത്താത്ത വിദ്യാർഥികൾ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല.
4. ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിച്ചതിനു ശേഷം ഫൈനൽ ഗ്രേഡ് കാർഡിൽ തിരുത്തൽ അനുവദനീയമല്ല.
5. ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യുന്നതിലേക്കായി SSLC, പ്ലസ് ടു, ഫൈനൽ ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവയുടെ സ്കാൻ ചെയ്ത കോപ്പി (PDF ഫോർമാറ്റിൽ) തയ്യാറാക്കി വെക്കേണ്ടതാണ്. സ്കാൻ ചെയ്ത ഡോക്യൂമെന്ററിന്റെ വലുപ്പം 1 MB യിൽ കവിയരുത്.
6. ഫൈനൽ ഗ്രേഡ് കാർഡ് തീയ്യതി മുതൽ ഒരു വർഷത്തിന് ശേഷം ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കുന്നവർ സെർച്ച് ഫീസ് ഒടുക്കേണ്ടതാണ്. ഫീസ് വിവരങ്ങൾ അപ്ലിക്കേഷൻ വിന്റോവിൽ ലഭ്യമാകുന്നതാണ്.
7. മേൽ നിർദ്ദേശങ്ങൾ പൂർണമായും വായിച്ചു മനസിലാക്കിയ ശേഷം ' Proceed ' ബട്ടൺ അമർത്തി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
8. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. പിന്നീടുള്ള അന്വേഷണങ്ങൾക്ക് അപ്ലിക്കേഷൻ നമ്പറും തീയ്യതിയും അത്യാവശ്യമായി വരും. അപേക്ഷ പൂർണമായും ഓൺലൈൻ ആയതിനാൽ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും ഒന്നും തന്നെ സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല.